Syro Malabar Commission for Liturgy



# നോമ്പ് അഞ്ചാം ഞായർ

കരുണയുടെ മുഖം സ്വന്തമാക്കാനും ലോകത്തിന് കാണിച്ചുകൊടുക്കാനും, മുഖം മൂടികളില്ലാതെ ജീവിക്കുവാനും അമ്പത് നോമ്പിന്റെ അഞ്ചാം ഞായറാഴ്ചയിൽ മിശിഹാ നമ്മെ ക്ഷണിക്കുന്നു.

"നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം കല്ലെറിയട്ടെ." മനസ്സിന്റെ കുടുസ്സുമുറിയിൽ നിർത്തി വിധി പ്രസ്താവിക്കാതെ, ആരുടെയും മനസ്സിനെ മുറിപ്പെടുത്താതെ ചേർത്ത് നിർത്തുകയാണ് ഈശോ. പാപിനിയെ മാത്രമല്ല, തന്നെ വാക്കിൽകുടുക്കി ഇല്ലാതാക്കാൻ അവൾക്കെതിരേ ആരോപണങ്ങളുമായി വന്നവരെയും കർത്താവ് അനുതാപവിവശരാക്കുന്നു. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ സാധിക്കണമെന്ന് ഈശോ പഠിപ്പിക്കുന്നു. നമ്മുടെ കുമ്പസാരത്തിന്റെ മഹനീയതയും ഇതുതന്നെ. മിശിഹായുടെ ഒരു നോട്ടം.. ഒരു സ്പർശം.. മാത്രം മതി രൂപാന്തരത്തിന്റെ, ക്ഷമയുടെ പ്രസാദവരം നമ്മിലേക്കൊഴുകാൻ.

ആരെയും വിധിക്കാതെ, ബലഹീനരെ, പാപികളെ, തെറ്റിൽ വീഴുന്നവരെ കൈപിടിച്ചുയർത്താനും, ചേർത്തുപിടിക്കാനും നമുക്കാകണം. വി. യോഹന്നാൻ പറഞ്ഞതുപോലെ; ശിക്ഷിക്കാനല്ലല്ലോ രക്ഷിക്കാനല്ലേ മിശിഹാ ഈ ലോകത്തിലേക്ക് വന്നത്? ആമേൻ.

തയ്യാറാക്കിയത്,
ഫാ.തോമസ് പൊട്ടംപറമ്പിൽ
27-03-2022

സീറോ മലബാർ ആരാധന ക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
Read more: wwwsyromalabarliturgy.org